ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ

തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526

വെബ്സൈറ്റ്: lsgd.kerala.gov.in

ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/29549/2025-GEA3 തീയതി: 15-06-2026

# നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ജീവനക്കാര്യം - മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലാർക്ക് ശ്രീ. ലോറൻസ് എ യെ ക്ലാർക്ക് തസ്തികയുടെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നത്- സംബന്ധിച്ച്

സൂചന:

1. തദ്ദേശ സ്വയം ഭരണ വകുപ്പ് കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 17.05.2025 തീ LSGD/JD/KLM/4125/2025-A3 നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 17.01.2020 ലെ PAN/20015/2018/E6(DP) നമ്പർ ഉത്തരവ്.
3. തദ്ദേശ സ്വയം ഭരണ വകുപ്പ് കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 01.06.2026 തീ LSGD/JD/KLM/62/2026-A3 നമ്പർ ഉത്തരവ്.

തദ്ദേശ സ്വയം ഭരണ (മുൻ പഞ്ചായത്ത്) വകുപ്പിലെ ക്ലാർക്കും, കൊല്ലം ജില്ലയിലെ മയ്യനാട് ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ലോറൻസ്.എ കേരള പി.എസ്. സി . കൊല്ലം ജില്ലാ ഓഫീസറുടെ 10.02.2004 തീയതിയിലെ നിയമനശുപാർശ പ്രകാരം സേവനത്തിൽ പ്രവേശിച്ച ജീവനക്കാരനാണ്. എന്നാൽ ശ്രീ.ലോറൻസ്.എ പ്രൊബേഷൻ കാലാവധി പൂർത്തീകരിക്കുന്നതിനു മുന്നേ 13.07.2004 മുതൽ 07.08.2018 വരെ കാലയളവിൽ ശൂന്യവേതന അവധിയിൽ പ്രവേശിക്കുകയും തുടർന്ന് ശൂന്യവേതന അവധി അവസാനിപ്പിച്ച് 08.08.2018 തീയതി സേവനത്തിൽ തിരികെ പ്രവേശിക്കുകയും ചെയ്തു. ശ്രീ.ലോറൻസ്.എ സേവനത്തിൽ തിരികെ പ്രവേശിച്ച 08.08.2018 തീയതി കണക്കാക്കി മുൻ പഞ്ചായത്ത് വകുപ്പിലെ 01.01.2014 മുതൽ 31.12.2018 വരെ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ചവരുടെ സൂചന (2) പ്രകാരമുള്ള സംസ്ഥാന തല സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

സൂചന (3) പ്രകാരം ശ്രീ. ലോറൻസ്.എ ക്ലാർക്കുമാരുടെ ജില്ലാതല സീനിയോരിറ്റി പട്ടികയിൽ ക്രമ നം. 180എ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരമുള്ള ക്ലർക്കുമാരുടെ സംസ്ഥാന തല സീനിയോരിറ്റി പട്ടികയിൽ ശ്രീ.ലോറൻസ്.എ യെ ക്രമ നം.2596 ശ്രീമതി.ബി.സേതുലക്ഷമിയുടെയും ശ്രീ.അരുൺകുമാർ.എ-യുടെയും ഇടയിൽ 2596എ ആയി ഉൾപ്പെടുത്തുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത താത്കാലിക തീരുമാനത്തിൽ ആക്ഷേപം ഉള്ള ജീവനക്കാർ ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനകം തങ്ങളുടെ ആക്ഷേപം ആവശ്യമായ അനുബന്ധ രേഖകൾ സഹിതം രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

Nizam S A
SENIOR ADMINISTRATIVE OFFICER

പകർപ്പ് :

1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. ശ്രീ. ലോറൻസ് (കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ IE- സെക്ഷൻ
4 സിസ്റ്റം സൂപ്പർവൈസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5 കരുതൽ/അധികം